**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2397** **12-12-2022 - ൽ മറുപടിയ്ക്ക്**

**സറോഗസി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സറോഗസി പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ വാടക ഗർഭധാരണ ക്ലിനിക്കുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ; | (എ) | സറോഗസി പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ വാടക ഗർഭധാരണ ക്ലിനിക്കുകൾക്ക് അംഗീകാരം/ രജിസ്ട്രേഷൻ ലഭിക്കുന്നതിനായി 2022- ലെ സറോഗസി (റെഗുലേഷൻ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഫാം 3 ൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ചട്ടം 10 ഉപചട്ടം (2) ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം സറോഗസി ക്ലിനിക്കിന്റെ രജിസ്ട്രേഷനുള്ള അപേക്ഷയോടൊപ്പം അപേക്ഷാ ഫീസായ രണ്ട് ലക്ഷം രൂപ 799011400007601 എന്ന ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ടിൽ ചെയർപേഴ്സൺ അപ്രോപ്രിയേറ്റ് അതോറിറ്റിയെന്ന വിലാസത്തിൽ അടച്ച അസൽ ട്രഷറി ചെലാൻ, ക്ലിനിക്കിന്റെ അപേക്ഷയുടെ കോപ്പി സഹിതം ഇ.മെയിൽ വഴി dhskerala@gmail.com ലേക്ക് സമർപ്പിക്കേണ്ടതാണ്. സർക്കാർ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന സറോഗസി ക്ലിനിക്കുകൾക്ക് അപേക്ഷാ ഫീസ് നൽകേണ്ടതില്ല. നിശ്ചിത ഫീസ് സഹിതം അപേക്ഷ സമർപ്പിച്ചിട്ടുള്ള സറോഗസി ക്ലിനിക്കുകളിൽ 2021- ലെ സറോഗസി (റെഗുലേഷൻ) ആക്ടിലെ 11(4), 12(1) പ്രകാരം അപ്രോപ്രിയേറ്റ് അതോറിറ്റി അന്വേഷണം നടത്തുകയും ആക്ടിലെ ബന്ധപ്പെട്ട വ്യവസ്ഥകൾ ടി സ്ഥാപനം പാലിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെട്ട ശേഷം അപ്രോപ്രിയേറ്റ് അതോറിറ്റി മൂന്ന് വർഷത്തേയ്ക്ക് രജിസ്ട്രേഷൻ നൽകുന്നതുമാണ്. ചട്ടത്തിൽ നിർണ്ണയിക്കുന്ന പ്രകാരമുള്ള ഫീസൊടുക്കി കാലാകാലങ്ങളിൽ രജിസ്ട്രേഷൻ പുതുക്കാവുന്നതാണ്. |
| (ബി) | അപേക്ഷകൾ സമർപ്പിക്കേണ്ടത് ആർക്കാണ്; ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (ബി) | സറോഗസി പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ വാടക ഗർഭധാരണ ക്ലിനിക്കുകൾക്ക് അംഗീകാരം/ രജിസ്ട്രേഷൻ ലഭിക്കുന്നതിനായി 2022- ലെ സറോഗസി (റെഗുലേഷൻ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഫാം 3 ൽ അപേക്ഷ |

| | | | |
|---|---|---|---|
| | | | **സമർപ്പിക്കേണ്ടതാണ്. ചട്ടം 10 ഉപചട്ടം (2) ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം സറോഗസി ക്ലിനിക്കിന്റെ രജിസ്ട്രേഷനുള്ള അപേക്ഷയോടൊപ്പം അപേക്ഷാ ഫീസായ രണ്ട് ലക്ഷം രൂപ 799011400007601 എന്ന ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ടിൽ ചെയർപേഴ്സൺ അപ്രോപ്രിയേറ്റ് അതോറിറ്റിയെന്ന വിലാസത്തിൽ അടച്ച അസൽ ട്രഷറി ചെലാൻ, ക്ലിനിക്കിന്റെ അപേക്ഷയുടെ കോപ്പി സഹിതം ഇ.മെയിൽ വഴി dhskerala@gmail.com ലേക്ക് സമർപ്പിക്കേണ്ടതാണ്. സർക്കാർ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന സറോഗസി ക്ലിനിക്കുകൾക്ക് അപേക്ഷാ ഫീസ് നൽകേണ്ടതില്ല. നിശ്ചിത ഫീസ് സഹിതം അപേക്ഷ സമർപ്പിച്ചിട്ടുള്ള സറോഗസി ക്ലിനിക്കുകളിൽ 2021- ലെ സറോഗസി (റഗുലേഷൻ) ആക്റ്റിലെ 11(4), 12(1) പ്രകാരം അപ്രോപ്രിയേറ്റ് അതോറിറ്റി അന്വേഷണം നടത്തുകയും ആക്റ്റിലെ ബന്ധപ്പെട്ട വ്യവസ്ഥകൾ ടി സ്ഥാപനം പാലിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെട്ട ശേഷം അപ്രോപ്രിയേറ്റ് അതോറിറ്റി മൂന്ന് വർഷത്തേയ്ക്ക് രജിസ്ട്രേഷൻ നൽകുന്നതുമാണ്. ചട്ടത്തിൽ നിർണ്ണയിക്കുന്ന പ്രകാരമുള്ള ഫീസൊടുക്കി കാലാകാലങ്ങളിൽ രജിസ്ട്രേഷൻ പുതുക്കാവുന്നതാണ്.** |
| (സി) | സംസ്ഥാനത്ത് സറോഗസി പദ്ധതി നടപ്പിലാക്കുമ്പോൾ അഭിമുഖീകരിക്കേണ്ടി വരുന്ന പ്രശ്നങ്ങളും ചൂഷണങ്ങളും ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത് വ്യക്തമാക്കുമോ? | (സി) | സറോഗസി ക്ലിനിക്കിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് പരാതി ലഭിച്ചാൽ അപ്രോപ്രിയേറ്റ് അതോറിറ്റിക്ക് സ്വമേധയാ കേസ് എടുക്കാവുന്നതും ക്ലിനിക്കിന്റെ രജിസ്ട്രേഷൻ സസ്പെൻഡ് ചെയ്യാതിരിക്കുന്നതിനോ റദ്ദാക്കാതിരിക്കുന്നതിനോ കാരണം കാണിക്കൽ നോട്ടിസ് നൽകാവുന്നതുമാണ്. പ്രസ്തുത ക്ലിനിക്കുകൾ ആക്റ്റിലെ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടാൽ ബന്ധപ്പെട്ടവരെ കേൾക്കുവാനുള്ള അവസരം നൽകിയ ശേഷം ടി സ്ഥാപനത്തിനെതിരെ ക്രിമിനൽ നടപടി ആരംഭിച്ചിട്ടുണ്ടെങ്കിൽ തന്നേയും സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ സസ്പെൻഡ് ചെയ്യുന്നതിനോ റദ്ദ് ചെയ്യുന്നതിനോ അപ്രോപ്രിയേറ്റ് അതോറിറ്റിക്ക് അധികാരമുണ്ട്. അപ്രകാരം പൊതുജന താല്പര്യാർത്ഥം നോട്ടിസ് നൽകാതെ തന്നെ കാര്യ കാരണങ്ങൾ ലിഖിതമാക്കികൊണ്ട് അത്തരം ക്ലിനിക്കുകളുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് അപ്രോപ്രിയേറ്റ് അതോറിറ്റിക്ക് അധികാരമുണ്ട്. |

സെക്ഷൻ ഓഫീസർ